(സി) ഈ പണികൾ എന്നേക്ക് തീർക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) 1996-97 മുതൽ 1999-2000 ജനുവരി 31 വരെ ആലപ്പുഴ ജില്ലയിലെ ഓരോ പി.ഡബ്ലിയു.ഡി. റോഡ്സ്/ബിൽഡിംഗ്സ് സെക്ഷനുകളിലും എത്ര രൂപയുടെ പണികൾ വീതം നടത്തിയിട്ടുണ്ടെന്ന് വിശദാംശം സഹിതം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 1996-97 സാമ്പത്തിക വർഷം മുതൽ 99 ജനുവരി 31 വരെ ഹരിപ്പാട് പി.ഡബ്ലിയു.ഡി. സെക്ഷന്റെ കീഴിൽ റോഡുകളും പാലങ്ങളും വിഭാഗത്തിൽ 14 റോഡുപണികളും ഒരു പാലത്തിന്റെ സംരക്ഷണജോലിയും നടന്നിട്ടുണ്ട്. ഇവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ഇനം	തുക
പാലത്തിന്റെ സംരക്ഷണ ജോലി	6 ലക്ഷം രൂപ
വെള്ളപ്പൊക്ക ദുരിതാശ്വാസപണികൾ	60 ലക്ഷം രൂപ
സ്പെഷ്യൽ റിപ്പയേഴ്സ്	28 ലക്ഷം രൂപ
റിന്യൂവൽ പ്രോഗ്രാം	51 ലക്ഷം രൂപ
ചീഫ് എഞ്ചിനീയറുടെ അടങ്കൽ ഫണ്ട്	12 ലക്ഷം രൂപ
നബാർഡ് ധനസഹായമുള്ള പണികൾ	111 ലക്ഷം രൂപ

ബിൽഡിംഗ്സ് വിഭാഗത്തിന്റെ കീഴിൽ 92 പണികൾ ചെയ്തിട്ടുണ്ട്. 1,39,53,169 രൂപ ചെലവായിട്ടുണ്ട്.

(ബി) ലിസ്റ്റ്-1 അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്†.

(സി) ആവശ്യമായ ഫണ്ട് ലഭ്യമായാൽ 2001 അവസാനത്തിന് മുമ്പ് പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) ലിസ്റ്റ് 2 അനുബന്ധമായി ചേർത്തിട്ടുണ്ട്†.

ടോൾ പിരിവ്

112 (2092) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് :

ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ മൊത്തം പൊതുമരാമത്ത് റോഡുകളിൽ എത്ര സ്ഥലത്ത് ടോൾ പിരിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) എത്ര സംഖ്യ ചെലവഴിച്ച റോഡുകൾക്കും പാലങ്ങൾക്കുമാണ് ടോൾ പിരിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ ;

† അനുബന്ധം XX, XX(എ)

LIBRARY ARCHIVES Kerala Legislative Assembly

(സി) കോടതികൾ ഇടപെട്ടതിന്റെ ഫലമായി ടോൾ പിരിക്കാനുള്ള തീരുമാനം ഏതെങ്കിലും സ്ഥലത്ത് നിർത്തിവയ്ക്കേണ്ടി വന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കെ പാലങ്ങളുടെ ടോൾ പിരിവാണ് വേണ്ടെന്ന് വച്ചിട്ടുള്ളത് എന്നറിയിക്കുമോ ;

(ഡി) ടോൾ പിരിവ് നടത്താൻ നിശ്ചയിച്ചതിനുശേഷം വേണ്ടെന്നു വച്ച എത്ര സ്ഥലങ്ങൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) റോഡുകൾക്ക് ടോൾ പിരിക്കുന്നില്ല.

(ബി) റോഡുകൾക്ക് ടോൾ ഏർപ്പെടുത്തിയിട്ടില്ല. 35 ലക്ഷം രൂപയ്ക്ക് മുകളിൽ ചെലവ് വരുന്ന പാലങ്ങൾക്കാണ് ടോൾ ഏർപ്പെടുത്തിയിട്ടുള്ളത്.

(സി) നിർത്തിവയ്ക്കേണ്ടി വന്നിട്ടില്ല.

(ഡി) 5 എണ്ണം.

തൈയ്ക്കാട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി കെട്ടിടത്തിന്റെ പണി

113 (2093) ശ്രീ. ബി. വിജയകുമാർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിലെ തൈയ്ക്കാട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ 150 കിടക്കകളുള്ള പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നാണ് ആരംഭിച്ചതെന്ന് വെളിപ്പെടുത്തുമോ ;

(ബി) പൊതുമരാമത്ത് സ്പെഷ്യൽ ബിൽഡിംഗ്സ് വിഭാഗം നേരിട്ട് പണി നടത്തിവരുന്ന ഈ ആശുപത്രി കെട്ടിടത്തിന്റെ പണി ഇപ്പോൾ നടക്കുന്നുണ്ടോ ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഡി) ഇതുവരെ എന്തു തുക ഇതിനായി ചെലവഴിച്ചു ;

(ഇ) നടപ്പു സാമ്പത്തിക വർഷം ഈ ആശുപത്രി കെട്ടിട നിർമ്മാണത്തിന് ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടായിരുന്നു ;

(എഫ്) ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലായെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ ;

(ജി) ഈ ആശുപത്രി കെട്ടിടത്തിന്റെ പണി എത്രയും വേഗം പൂർത്തിയാക്കുന്നതിന് ധനകാര്യവകുപ്പുമായി ആലോചിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 1996-ൽ

LIBRARY ARCHIVES Kerala Legislative Assembly